"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഓൺലൈൻ വിദ്യാഭ്യാസത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1269/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/06/2020

പരാമർശം : - കെ എസ് എഫ് ഇ മാനേജിങ് ഡയറക്ടറുടെ 16/06/2020 ലെ 37/2020 (ബി.ഡി ) നമ്പർ സർക്കുലർ

**ഉത്തരവ്**

ഓൺലൈൻ വിദ്യാഭ്യാസത്തിന് മൊബൈൽ ഫോണോ, ടെലിവിഷനോ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുകയെന്ന പദ്ധതിയിൽ ജീവനക്കാരുടെ സഹകരണത്തോടെ കെ.എസ്.എഫ്.ഇ ഇടപെടുന്നതിന്റെ ഭാഗമായി 35.99 കോടി രൂപ, ടി.വി ഇല്ലാത്തതുമൂലം പഠനഭാഗങ്ങൾ ശ്രദ്ധിക്കാൻ കഴിയാതെപോയ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഓൺലൈൻ വിദ്യാസഹായപദ്ധതി തദ്ദേശ ഭരണ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്നതിനും പഠന കേന്ദ്രങ്ങളായ അംഗൻവാടികൾ, വായനശാലകൾ തുടങ്ങി തദ്ദേശ ഭരണ സ്ഥാപനം ശുപാർശ ചെയ്യുന്ന സ്ഥാപനങ്ങളിൽ പഠന കേന്ദ്രം തുടങ്ങുന്നതിന് ടി വി സെറ്റിന്റെ ബിൽ പ്രകാരമുള്ള തുകയുടെ 75%മോ 10000 രൂപയോ ഏതാണ് കുറവ് ആയത് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണെന്നും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ പരാമർശ സർക്കുലർ പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ വിദ്യാസഹായപദ്ധതിയുമായി സഹകരിക്കുന്നതിനും, ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുന്നതിന് കണ്ടെത്തുന്ന പഠന കേന്ദ്രങ്ങളിൽ ടി വി വാങ്ങുന്നതിനും, ആയതു സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വരുന്ന അധിക ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by S BINDU
Date: 2021.06.26 10:31:50 IST
Reason: Approved

സെക്ഷൻ ഓഫീസർ